# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1326 11.06.2019-ൽ മറുപടിക്ക്

## ഹയർ സെക്കന്ററി പരീക്ഷയിൽ ക്രമക്കേട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് നീലേശ്വരം സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ മാർച്ചിൽ നടന്ന ഹയർ സെക്കന്ററി പരീക്ഷയിൽ ഗുരുതരമായ ക്രമക്കേട് നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) അന്വേഷണം നടത്തിയിട്ടുണ്ട്. കോഴിക്കോട് നീലേശ്വരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി പരീക്ഷാ പേപ്പറുകളിൽ അഡീഷണൽ ഡെപ്യൂട്ടി ചീഫ് കൃത്രിമം നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കൊക്കെ എതിരെ നടപടി സ്വീകരിച്ചു; ഇക്കാര്യത്തിൽ സ്കൂൾ പ്രിൻസിപ്പൽ ഒത്താശ ചെയ്തതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) ഈ വിഷയത്തിൽ ടി സ്കൂളിലെ പരീക്ഷാ വിഭാഗം ചീഫ് സൂപ്രണ്ടായിരുന്ന ശ്രീമതി. റസിയ കെ, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായിരുന്ന ശ്രീ. ഫൈസൽ പി.കെ, അഡീഷണൽ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടായിരുന്ന ശ്രീ.നിഷാദ് വി.മുഹമ്മദ് എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) പരീക്ഷയുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന രീതിയിൽ ക്രമക്കേട് നടത്തിയ അധ്യാപകർ ഉൾപ്പെടെയുള്ളവർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ഇത്തരം കാര്യങ്ങൾ ഭാവിയിൽ ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) ക്രമക്കേട് നടത്തിയവർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതും ഭാവിയിൽ ഇത്തരം ക്രമക്കേടുണ്ടാകാതിരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ.